**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **20-01-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി നബാർഡിൽ നിന്നും 12 കോടി രൂപ അനുവദിച്ചിരുന്നിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി നബാർഡി ൽ നിന്നും 12 കോടി രൂപയുടെ ഭരണാ നുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന നടത്തുന്നതിന് 2,86,500 ( രണ്ട് ലക്ഷ ത്തി എൺപത്തി ആറായിരത്തി അഞ്ഞൂറ്) രൂപയുടെ സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തു. തുടർന്ന് 26.06.2020ൽ മണ്ണ് പരിശോധന പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ട്രക്ചറൽ ഡിസൈൻ പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നു വരികയും ചെയ്യുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ